# ക്രൈസ്തവ വിശ്വാസ സമൂഹത്തെ ദുർബ്ബലപ്പെടുത്താനുള്ള മാധ്യമങ്ങളുടെ പരിശ്രമങ്ങളെ തിരിച്ചറിയണം

ലോകത്തിന്റ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഭവങ്ങളേക്കുറിച്ചും അതുപോലെതന്നെ വ്യക്തികളേക്കുറിച്ചും പൊതുസമൂഹം അഭിപ്രായ രൂപീകരണം നടത്തുന്നത് മാധ്യമങ്ങളിലൂടെ ലഭിക്കുന്ന വാർത്തകളിലൂടെയാണ്. എന്നാൽ മാധ്യമങ്ങളിലൂടെ ഇന്ന് ലഭിക്കുന്ന വാർത്തകളിൽ പലതും, ആളുകളിൽ ആകാംഷയും സംഭ്രമവും ഉണ്ടാക്കി ജനശ്രദ്ധ നേടാനും, അതുവഴി റേറ്റിംങ്ങ് വർദ്ധിപ്പിക്കാനുമായി കെട്ടിച്ചമയ്ക്കുന്ന വാർത്തകളാണ്. അതുകൊണ്ടുതന്നെ വാർത്ത എന്നാൽ സത്യം എന്ന അർത്ഥം ഇപ്പോൾ ഇല്ല.

സമൂഹത്തിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തി കൂടുതൽ മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കാൻ മാധ്യമങ്ങൾക്ക് കടമയുണ്ട്. എന്നാൽ തങ്ങളുടെ കച്ചവട താല്പര്യങ്ങൾക്ക് മാത്രമാണ് ഇന്ന് മാധ്യമങ്ങൾ പ്രഥമ പരിഗണന നല്കുന്നത്. ഏകപക്ഷീയമായ നിലപാടുകൾ സ്വീകരിക്കുന്ന മാധ്യമങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സത്യസന്ധമായ വാർത്തകൾ തിരിച്ചറിയാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് ഗുരുതരമായ സാമൂഹ്യ വിപത്തുകൾക്കിടയാക്കും.

മാർപ്പാപ്പ ക്രിസ്തുവിനോടും സാർവ്വത്രിക സൂനഹദോസിനോടും അനുസരണം പ്രകടിപ്പിക്കുന്നു. മെത്രാന്മാർ മാർപ്പാപ്പയെ അനുസരിക്കുന്നു. വൈദികർ മെത്രാന്മാരെ അനുസരിക്കുന്നു. ദൈവജനം വൈദികരോട് അനുസരണം പ്രകടിപ്പിക്കുന്നു. കത്തോലിക്കാ സഭയിലെ അംഗങ്ങൾക്ക് ക്രിസ്തുവിനോടുള്ള സ്നേഹവും, അവർക്ക് പരസ്പരമുള്ള സ്നേഹവും അനുസരണവുമാണ് സഭയുടെ കെട്ടുറപ്പിന്റെ അടിസ്ഥാനം. പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പയോടും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടും ചേർന്ന് ദൈവജനം ഒരു കൂട്ടായ്മയായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. സഭയിലെ ഈ കൂട്ടായ്മ ഉപേക്ഷിച്ച്, തന്നിഷ്ടത്തിലും സ്വാർത്ഥതയിലും സഭാനേതൃത്വവും അല്മായരും വ്യാപരിക്കുമ്പോഴാണ് സഭയിൽ അനീതികളും ജീർണ്ണതകളും ഉണ്ടാകുന്നത്.

എത്ര കെട്ടുറപ്പുള്ള കുടുംബമാണെങ്കിലും പരസ്പരമുള്ള വിശ്വാസം നഷ്ടമായാൽ അത് എത്ര വലിയ പ്രസ്ഥാനമാണെങ്കിലും ദുർബ്ബലപ്പെടും. കത്തോലിക്കാ സഭ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ സംരക്ഷിക്കുന്നു, സഭയിൽ അനീതികൾ നടമാടുന്നു തുടങ്ങിയ അടിസ്ഥാനരഹിതമായ പ്രചരണങ്ങൾ വിവിധ മാധ്യമങ്ങൾ നടത്തുന്നു. പൊതുസമൂഹത്തിൽ നിലനില്ക്കുന്ന അതീവ ഗൗരവതരമായ നിരവധി സാമൂഹ്യപ്രശ്നങ്ങളെ അവഗണിച്ചുകൊണ്ട് കത്തോലിക്കാ സഭയിൽ സംഭവിക്കുന്ന തിന്മകളെക്കുറിച്ച് നിരന്തരം ചർച്ചകൾ സംഘടിപ്പിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളേയും യുവജനങ്ങളേയും വിശ്വാസത്തിൽ നിന്നും അകറ്റുന്ന തരത്തിലുള്ള പ്രചരണങ്ങളും വിശ്വാസ സമൂഹത്തെ ദുർബ്ബലപ്പെടുത്താനുള്ള പരിശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ക്രൈസ്തവ വിശ്വാസികളായ നാം തിരിച്ചറിയണം.

സകല മനുഷ്യരുടേയും ആത്മരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ കടപ്പെട്ട സഭയ്ക്ക് ഭൗതിക ശിക്ഷകൾക്കും ജയിലുകൾക്കും പകരം കുമ്പസാര കൂടുകളാണുള്ളത്. മനുഷ്യന്റെ കോപം ദൈവനീതിയുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നില്ല (യാക്കോബ് 1:20). അതുകൊണ്ട് അനീതിക്കെതിരെയുള്ള നമ്മുടെ പോരാട്ടങ്ങളിലും,

പ്രതികരണങ്ങളിലും കോപം കടന്നുവരാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. അനീതികളെ ആത്മവിശുദ്ധിയോടെ നേരിട്ടില്ലെങ്കിൽ നമ്മുടെ പോരാട്ടങ്ങൾ വെറും കലഹങ്ങൾ മാത്രമായി അവശേഷിക്കും എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്.

ഒരു രാജ്യത്ത് നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് കുറ്റകൃത്യങ്ങൾക്ക് അർഹമായ ശിക്ഷ ഉറപ്പാക്കേണ്ടത് സർക്കാരും രാജ്യത്തെ നിയമവ്യവസ്ഥയും കോടതികളുമാണ്. കുറ്റകൃത്യങ്ങൾ ഏതുവ്യക്തിയിൽ ആരോപിക്കപ്പെട്ടാലും ഇരയുടേയൊ പ്രതിയുടേയോ പക്ഷം ചേരാതെ, നിഷ്പക്ഷമായ ഒരു നിലപാട് മാധ്യമങ്ങൾ സ്വീകരിക്കണം. കോടതിവിധികളെ സ്വാധീനിക്കാൻ സാധ്യതയുള്ള തരത്തിൽ ചാനൽ ചർച്ചകൾ നടത്തി നിരപരാധികൾക്ക് നീതി നിഷേധിക്കരുത്. ജീർണ്ണതകൾ വിറ്റ് കാശാക്കുന്നവരായി മാധ്യമങ്ങൾ ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. തിന്മകളെക്കുറിച്ച് ചർച്ചകൾ നടത്തിയതുകൊണ്ട് തിന്മകൾ സമൂഹത്തിൽ നിന്നും ഇല്ലാതാകുന്നില്ല. അതുകൊണ്ട് നന്മകൾ ചെയ്യുന്ന വ്യക്തികളേയും സമൂഹങ്ങളേയും പൊതുസമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ദൗത്യം കൂടി മാധ്യമങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകണം. മാധ്യമങ്ങൾ നന്മയുടെ ചാലകങ്ങളാക്കി മാറണം. അക്രമങ്ങൾക്കും, കൊലപാതകങ്ങൾക്കും, പീഡനങ്ങൾക്കും, മാധ്യമങ്ങളുടെ ഉള്ളടക്കത്തിൽ പ്രമുഖസ്ഥാനം കൊടുക്കാതിരിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

പത്രം, റേഡിയോ, ടെലവിഷൻ തുടങ്ങിയ പരമ്പരാഗത മാധ്യമങ്ങളേക്കാൾ വാട്സ് ആപ്പ്, ഫെയ്സ് ബുക്ക് തുടങ്ങിയ നവമാധ്യമങ്ങൾ കരുത്താർജ്ജിച്ചുകൊണ്ടിരിക്കുന്നു. പത്രദൃശ്യമാധ്യമങ്ങൾ തങ്ങളുടെ കച്ചവട താല്പര്യങ്ങൾ സംരക്ഷിക്കുവായി പ്രസിദ്ധീകരിക്കാത്ത വാർത്തകൾ പലതും പൊതുസമൂഹം അറിയുന്നത് സോഷ്യൽ മീഡിയകളിലൂടെയാണ്. എന്നാൽ വിഭാഗിയത, വർഗ്ഗീയത, മതനിന്ദ തുടങ്ങിയ സാമൂഹ്യ തിന്മകൾ വളർത്തുവാൻ നവമാധ്യമങ്ങൾ ഇടയാക്കുന്നുവെന്നത് അതീവ ഗൗരവതരമായ ഒരു പ്രശ്നമാണ്. അഭിപ്രായരൂപീകരണത്തിൽ, പുരോഗമനപരവും അതേസമയം നശീകരണപരവുമായി ഇടപെടാൻ കഴിയുന്ന നവമാധ്യമങ്ങൾക്കെതിരെ നാം ജാഗരൂകരായിരിക്കണം.

അജോ വട്ടുകുന്നേൽ
രൂപത ട്രഷറർ, കത്തോലിക്ക കോൺഗ്രസ്,
രൂപത ജനറൽ സെക്രട്ടറി, കുടുംബ കൂട്ടായ്മ,
പാലക്കാട് രൂപത